**സബ്മിഷൻ**

(1) ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ബന്ധപ്പെട്ട പോലീസ് അന്വേഷണം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നമ്മുടെ തലസ്ഥാനനഗരിയിൽ സഹകരണസംഘത്തിന്റെ മറവിൽ നടന്ന വലിയൊരു തട്ടിപ്പാണ് ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് സഹകരണസംഘത്തിലെ നിക്ഷേപകർ രജിസ്ട്രാർക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിന്റെ മൂന്നംഗ സമിതി അന്വേഷണം നടത്തി. 200 കോടിരൂപയിലധികം തട്ടിപ്പ് നടന്നതായാണ് മനസ്സിലാകുന്നത്. അതിന്റെ പ്രസിഡന്റിനേയും ക്ലാർക്കിനേയും പ്രതിചേർത്ത് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു. ഇതുവരെ അവരെ അറസ്റ്റ് ചെയ്തിട്ടില്ല. അവർക്ക് മുൻകൂർ ജാമ്യം ലഭിക്കാനുള്ള സൗകര്യമുണ്ടാക്കിക്കൊടുത്തു. പക്ഷെ മുൻകൂർജാമ്യം കോടതി അനുവദിച്ചിട്ടില്ല. മുൻകൂർജാമ്യം കോടതി നിഷേധിച്ചിട്ടുപോലും ഇവരെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. വളരെ ഗുരുതരമായ ആരോപണമാണ് ഈ ഭരണസമിതിക്ക് നേരെ വന്നിരിക്കുന്നത്. സൊസൈറ്റിയുടെ പേരിൽ വ്യാജ രേഖ നൽകി വലിയതോതിൽ നിക്ഷേപം സമാഹരിച്ചു. പ്രസ്തുത നിക്ഷേപം റിയൽ

എസ്റ്റേറ്റ് ഇടപാടുകൾക്കും മറ്റ് സാമ്പത്തിക ഇടപാടുകൾക്കും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തുടങ്ങുന്നതിനും ബിസിനസ്സിനും മറ്റുമായി വകമാറ്റി ചെലവഴിച്ചു. നിക്ഷേപകർ അറിയാതെ അവരുടെ നിക്ഷേപത്തിൽനിന്ന് ഒരു രേഖയുമില്ലാതെ കോടിക്കണക്കിന് രൂപയുടെ വ്യാജലോൺ എടുത്തിരിക്കുകയാണ്. സഹകരണ വകുപ്പിന് കൊടുത്തിരിക്കുന്നത് 41 കോടിരൂപയുടെ നിക്ഷേപമുണ്ടെന്നാണ്. യഥാർത്ഥത്തിൽ 200 കോടിരൂപയുടെ നിക്ഷേപമുണ്ട്. അങ്ങനെ വകുപ്പിനെ വരെ പറ്റിച്ചുകൊണ്ടുള്ള വലിയ തട്ടിപ്പാണ്. കേരളത്തിലെ മറ്റേതൊരു സഹകരണ സംഘത്തിൽ നടന്നതിനേക്കാളും ഞെട്ടിപ്പിക്കുന്ന തട്ടിപ്പാണെന്നാണ് ഇതിന്റെ വിശദാംശങ്ങളിലുള്ളത്. ഇപ്പോഴും ഡയറക്ടർ ബോർഡിലുള്ള അംഗങ്ങൾ ബി.എസ്.എൻ.എൽ. സർവ്വീസിൽ തുടരുകയാണ്. നിക്ഷേപകർ തന്നെ അന്വേഷണം നടത്തി ഇവർ അനധികൃതമായി സമ്പാദിച്ച നിരവധി സർവ്വേ നമ്പറുകളിലുള്ള സ്വത്തുവകകളുടെ വിശദാംശങ്ങൾ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആർബിട്രേഷൻ നടപടികൾ ഒഴിവാക്കുന്നതിനായി പ്രതികൾ ഇപ്പോൾ ഈ വസ്തു വിൽക്കാൻ ശ്രമിക്കുകയാണ്. ഈ ഗവൺമെന്റ് അതിനകത്ത് ഒരു

നടപടിയും സ്വീകരിക്കുന്നില്ല. ഏറ്റവും സങ്കടകരം 65-85 വയസ്സിനുമിടയിലുള്ള സീനിയർ സിറ്റിസൺസാണ് ഇതിലെ നിക്ഷേപകരെന്നതാണ്. ഒരു ജീവിതകാലത്തെ മുഴുവൻ സമ്പാദ്യം ഗ്രാറ്റുവിറ്റിയും പെൻഷണറി ബെനിഫിറ്റുമെല്ലാം ചേർത്ത് ലക്ഷക്കണക്കിന് രൂപയാണ് അവർ അതിൽ നിക്ഷേപിച്ചിരിക്കുന്നത്. മകളുടെ കല്ല്യാണത്തിനും വീടുവെയ്ക്കാനുമൊക്കെ പോയി അന്വേഷിച്ചപ്പോഴാണ് ഒരു പൈസപോലും കിട്ടാത്തത്. കേസിൽ പ്രതിചേർക്കപ്പെട്ട വ്യക്തികളുടെ സ്വാധീനം മൂലമാണ് അറസ്റ്റ് ഒഴിവായിപ്പോകുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരമായി ഇടപെട്ട് ഇതിനുവേണ്ട നടപടികൾ സ്വീകരിക്കണം. അന്വേഷണം നടത്തുന്നതിനായി ഒരു പ്രത്യേക പോലീസ് സംഘത്തെ നിയോഗിക്കണം. പ്രതികളെ എത്രയും വേഗം അറസ്റ്റ് ചെയ്യണം. അവരുടെ സ്വത്തുക്കൾ കണ്ടുകെട്ടി നഷ്ടപ്പെട്ട നിക്ഷേപത്തുക പാവങ്ങൾക്ക് കൊടുക്കുന്നതിനുവേണ്ടിയുള്ള സംവിധാനം വേണം. ഇങ്ങനെയാണ് സഹകരണസംഘങ്ങളുടെ ക്രെഡിബിലിറ്റി ഇല്ലായ്മ വർദ്ധിക്കുന്നതെങ്കിൽ അതിൽ ഒരു അപകടമുണ്ട്. കരിവന്നൂർ സംഘത്തിന്റെ വിഷയം വന്നപ്പോൾ പോലും ഞങ്ങൾ അതിനെ രാഷ്ട്രീയമായി എടുത്തില്ല.

കാരണം അത് കേരളത്തിലെ ബാക്കി സംഘങ്ങളെ ബാധിക്കും. എവിടെയൊരു സംഭവം നടന്നാലും നിക്ഷേപകരുടെ തുക ഉറപ്പാക്കുന്നതിനുള്ള ഒരു ഗ്യാരന്റി നമ്മൾ ചെയ്തില്ലെങ്കിൽ ആളുകൾ സഹകരണസംഘങ്ങളിൽനിന്ന് നിക്ഷേപം പിൻവലിക്കുന്ന ഒരു ട്രെൻഡ് ഉണ്ടാകും. ആ ട്രെൻഡ് വന്നാൽ കേരളത്തിന്റെ സമ്പദ് വ്യവസ്ഥ മുഴുവൻ തകരുന്ന അപകടരമായ നിലയിലേയ്ക്ക് പോകും. സഹകരണസംഘങ്ങളിലെ തട്ടിപ്പ് കേസുകളിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകരുത്, അങ്ങ് അക്കാര്യങ്ങളിൽ ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പ്രകടിപ്പിച്ച ആശങ്കകൾ ഞാൻ പറയാൻ പോകുന്ന മറുപടി കേട്ടാൽ അത് അവസാനിക്കുന്നതാണെന്ന് തോന്നുന്നു. ആദ്യം പ്രശ്നങ്ങൾ സൂചിപ്പിക്കാം. തിരുവനന്തപുരം വഞ്ചിയൂർ ഉപ്പളം റോഡിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് സഹകരണ സംഘത്തിൽ രജിസ്ട്രേഷൻ വകുപ്പ് നടത്തിയ പരിശോധനയിൽ നിക്ഷേപത്തട്ടിപ്പുൾപ്പെടെയുള്ള ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തുകയുണ്ടായി. നിക്ഷേപകരിൽനിന്നും സ്ഥിരനിക്ഷേപമായി

കൈപ്പറ്റിയ തുകകൾ വ്യാജ രജിസ്റ്ററിൽ രേഖപ്പെടുത്തി വ്യാജ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ നൽകി തട്ടിപ്പ് നടത്തിയതായാണ് പ്രാഥമിക കണ്ടെത്തൽ. സഹകരണ സംഘം രജിസ്ട്രാർ നിയോഗിച്ച അന്വേഷണ സംഘത്തിന്റെ കണ്ടെത്തലുകളെത്തുടർന്ന് വ്യാജരേഖ ചമച്ച് പണാപഹരണം നടത്തിയത് സംബന്ധിച്ച് പോലീസിന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ IPC 408, 409, 420, 427(a) 34 വകുപ്പുകൾ പ്രകാരം വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1266/2022 ആയി കേസ് രജിസ്റ്റർ ചെയ്തു. 92.73 കോടി രൂപയുടെ തട്ടിപ്പ് നടന്നതായി പ്രാഥമിക അന്വേഷണത്തിൽ വിലയിരുത്തിയിട്ടുണ്ട്. സഹകരണ സംഘത്തിന്റെ പ്രസിഡന്റ്, ഓണററി സെക്രട്ടറി, ഒരു ജീവനക്കാരൻ എന്നിവർക്ക് പങ്കുള്ളതായി ഇതുവരെയുള്ള അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് സംസ്ഥാന ക്രൈംബ്രാഞ്ചിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തിന് കേസിന്റെ അന്വേഷണം കൈമാറിയിട്ടുണ്ട്. ക്രൈംബ്രാഞ്ച് എസ്.പി.-യുടെ നേതൃത്വത്തിൽ രണ്ട് ഡി.വൈ.എസ്.പി.-മാർ മൂന്ന് ഡിറ്റക്ടീവ് ഇൻസ്പെക്ടർമാർ ഉൾപ്പെടെ 13 പേരടങ്ങുന്ന പ്രത്യേക സംഘമാണ് തുടർ

അന്വേഷണം നടത്തുക. കേസ്സിലെ പ്രതികളുടെ വസ്തുവകകളുടെ ക്രയവിക്രയം തടയണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട അധികാരികൾക്കും ബഹുമാനപ്പെട്ട കോടതിക്കും അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രതികളുടെ പേരിൽ ദേശസാത്കൃത ബാങ്കുകളിലും സഹകരണ ബാങ്കുകളിലും മറ്റുമുള്ള അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിനും ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ക്രമക്കേട് നടത്തിയ തുക ഈടാക്കുന്നതിനായി സംഘം പ്രസിഡന്റ്, ഒരു ജീവനക്കാരൻ എന്നിവരുടെയും ബന്ധുക്കളുടെയും പേരിലുള്ള ഇരുപത് വസ്തുവകകൾ സഹകരണ വകുപ്പ് താൽക്കാലികമായി കണ്ടുകെട്ടിയിട്ടുണ്ട്. സംഘം പ്രസിഡന്റ്, ജീവനക്കാരൻ, ഭരണസമിതി അംഗങ്ങൾ എന്നിവരുടെ മുഴുവൻ സ്ഥാവര വസ്തുക്കളും കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ക്രമക്കേട് നടത്തിയവരുടെ വസ്തുവകകളിൽനിന്നും തുക ഈടാക്കി നിക്ഷേപകർക്ക് നൽകുന്നതിനുള്ള നടപടികൾ സഹകരണ വകുപ്പ് സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ച രീതിയിൽ, കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തിക രംഗമാണ് സഹകരണമേഖല. ഈ മേഖലയിൽ നടക്കുന്ന ഏത് ചെറിയതോതിലുള്ള അഴിമതിപോലും

ഗൗരവ്വമായി കണ്ടുകൊണ്ടുള്ള നടപടികളാണ് തുടർന്നും സ്വീകരിക്കുന്നത്.

(2) പത്തിരിപ്പാലയിൽ ഫീഡർ സ്റ്റേഷൻ സ്ഥാപിക്കൽ

ശ്രീമതി ശാന്തകുമാരി കെ.: സർ, മണ്ണൂർ, പത്തിരിപ്പാല വൈദ്യുതിവിതരണം തുടർച്ചയായി മുടങ്ങുന്നതിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് എന്റെ സബ്മിഷൻ. എന്റെ മണ്ഡലത്തിലെ മണ്ണൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശത്തിൽ പത്തിരിപ്പാല സബ്സ്റ്റേഷനിൽനിന്നും കടമ്പഴിപ്പുറംവഴി കടന്നുപോകുന്ന 11 കെ.വി. ലൈനിൽ ഫീഡർ സ്റ്റേഷനുകൾഒന്നുംതന്നെ ഇല്ലാത്തതിനാൽ അതിനിടയിൽ സ്ഥിതി ചെയ്യുന്ന ഏറ്റവും തിരക്കേറിയ പ്രദേശമാണ് മണ്ണൂർ, പത്തിരിപ്പാല പ്രദേശങ്ങൾ. അതുമാത്രമല്ല, അവശ്യസർവ്വീസ് എന്നനിലയിൽ ആശുപത്രികൾ, സർക്കാർ ആഫീസുകൾ, വ്യാപാര സ്ഥാപനങ്ങൾ, ജനങ്ങൾ കൂടുതൽ തിങ്ങിപ്പാർക്കുന്ന റസിഡൻഷ്യൽ ഏരിയയും കാർഷിക ഭൂമിയും സ്കൂളുകളും ഓഡിറ്റോറിയമുൾപ്പെടെയുള്ള ഒരു തിരക്കേറിയ പ്രദേശവുമാണ്. ആയതിനാൽ വൈദ്യുതി ഇടയ്ക്കിടയ്ക്ക് തടസ്സപ്പെടുന്നത് ഇതിന്റെ പ്രവർത്തനങ്ങളെയെല്ലാം കാര്യമായി ബാധിക്കുകയാണ്. അതിനാൽ പത്തിരിപ്പാലയിൽ ഒരു ഫീഡർ സ്റ്റേഷൻ

സ്ഥാപിച്ചോ അല്ലെങ്കിൽ കവേർഡ് കണ്ടക്ടർ സ്ഥാപിച്ചോ ആ പ്രദേശത്ത് മുടക്കമില്ലാതെ വൈദ്യുതി വിതരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, മണ്ണൂർ പ്രദേശത്തുള്ള പത്തിരിപ്പാല സെക്ഷന്റെ പരിധിയിൽവരുന്ന 8 ട്രാൻസ്ഫോർമറുകൾക്ക് വൈദ്യുതി വിതരണത്തിന് ഉപയോഗിക്കുന്ന 11 കെ.വി മണ്ണൂർ ഫീഡർ, ഷൊർണ്ണൂർ ഡിവിഷനുകീഴിലുള്ള അമ്പലപ്പാറ സെക്ഷനും പാലക്കാട് ഡിവിഷനുകീഴിലുള്ള കടമ്പഴിപ്പുറം സെക്ഷനുംകൂടി പങ്കുവയ്ക്കുന്നുണ്ട്. എന്നാൽ ശ്രീകൃഷ്ണപുരം സെക്ഷനിലെ 33 കെ.വി സബ്സ്റ്റേഷൻ ഫീഡർ തകരാറാകുന്ന സാഹചര്യത്തിൽ മേൽ പരാമർശിച്ച 11 കെ.വി. മണ്ണൂർ ഫീഡറിൽനിന്നും ശ്രീകൃഷ്ണപുരം സെക്ഷനിൽ സപ്ലൈ എടുക്കേണ്ടിവരികയും തദവസരത്തിൽ ഫീഡർ ഓവർലോഡാകുന്നതുകാരണം വൈദ്യുതി തടസ്സം ഉണ്ടാകുകയും ചെയ്യുന്നുണ്ട്. പത്തിരിപ്പാലയിലെ 110 കെ.വി. സബ്സ്റ്റേഷനിൽനിന്ന് അമ്പലപ്പാറ ടൗൺവരെ 13 കിലോമീറ്റർ അണ്ടർഗ്രൗണ്ട് കേബിൾ സ്ഥാപിച്ച് അമ്പലപ്പാറ സെക്ഷനുമാത്രമായി ഒരു 11 കെ.വി. ഫീഡർ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള

പ്രവൃത്തിയും പത്തിരിപ്പാല സബ്സ്റ്റേഷനിൽനിന്ന് അമ്പലപ്പാറ സെക്ഷൻ അതിർത്തിയായ കോട്ടക്കുന്നുവരെ 5 കിലോമീറ്റർ അണ്ടർഗ്രൗണ്ട് കേബിൾ ഇടുന്നതിനുള്ള പ്രവൃത്തിയും ഫീഡറിലെ വൈദ്യുതിതടസ്സം കുറയ്ക്കുന്നതിന് കോട്ടക്കുന്നുമുതൽ പീച്ചേരിക്കാടുവരെ രണ്ടുകിലോ മീറ്റർ കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് ലൈൻ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയും ആർ.ഡി.എസ്.എസ്.-ന്റെ ഭാഗമായുള്ള മോഡണൈസേഷൻ വർക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഈ പ്രശ്നം അവസാനിക്കും.

(3) പട്ടയഭൂമിയിലെ നിയമാനുസൃത മരംമുറിക്കൽ

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കേരളത്തിലെ കർഷകരുടെ പട്ടയഭൂമിയിലെ മരംമുറിച്ച് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമങ്ങളും ചട്ടങ്ങളുമെല്ലാം ദുർവ്യഖ്യാനിച്ചുകൊണ്ട് വനം വകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് എന്റെ സബ്മിഷൻ. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് മലയോരമേഖലയിൽ വലിയ പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. പ്രത്യേകിച്ച് കോന്നി നിയമസഭാമണ്ഡലത്തിലെ മേഖലകളിലൊക്കെ വലിയ പ്രയാസമാണ് സൃഷ്ടിക്കുന്നത്. കർഷകരുടെ ഭൂമിയിലെ സംരക്ഷിത വൃക്ഷങ്ങൾ

മുറിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതല്ല എന്റെ പ്രശ്നം. അതുമായി ബന്ധപ്പെട്ടുകൊണ്ട് നോട്ടിഫൈഡ് മേഖലയിൽ ചില നിയമതടസ്സങ്ങൾ നിലനിൽപ്പുണ്ട്. അത് പരിഹരിച്ച് ഉത്തരവുണ്ടാകണമെന്ന് കർഷകർ ദീർഘകാലമായി ആവശ്യപ്പെടുന്നുണ്ട്. അതിന് വ്യക്തമായൊരു ഉത്തരവുണ്ടാകണം. പക്ഷേ ഞാൻ സൂചിപ്പിക്കുന്നത്, 1986-ലെ പ്രിസർവേഷൻ ഓഫ് ട്രീസ് ആക്റ്റിൽ വൃക്ഷമെന്ന് വ്യാഖ്യാനിക്കപ്പെട്ടിട്ടുപോലുമില്ലാത്ത ചില മരങ്ങളെല്ലാം മുറിക്കുന്നതിന് നിലനിൽക്കുന്ന നിയമത്തെ തെറ്റായി വ്യാഖ്യാനിക്കപ്പെടുകയാണ് കേരളത്തിലെ പല പ്രദേശത്തെയും വനംവകുപ്പ് ഉദ്യോഗസ്ഥർ ചെയ്യുന്നത്. 1960-ലെ ഭൂമിപതിവ് നിയമത്തിലെ ചട്ടം (64) അനുസരിച്ച് പട്ടയം നൽകിയ പ്രദേശമാണ് കോന്നി മേഖലയിലെ നിരവധി പ്രദേശങ്ങൾ. അവിടെ തറവില അടച്ച് കർഷകർക്ക് പതിച്ചുനൽകിയ ഭൂമിയിൽ എങ്ങനെയാണ് ഇതിന്റെ വിനിയോഗമെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ അവിടെ മരം മുറിച്ചാൽ, ഇപ്പോൾ സംരക്ഷിത മരങ്ങളല്ല, ചന്ദനവും അയണിയുമൊന്നുമല്ല. കർഷകർ നട്ടുവളർത്തുന്ന പ്ലാവും ആഞ്ഞിലിയുമൊക്കെ മുറിച്ചാൽ 1995-ലെ പട്ടയം നൽകിയ ഭൂമിയിലെ

മരംമുറിക്കൽ ചട്ടം 3, 4 വയലേഷൻ നടത്തിയതായികണ്ട് വനംവകുപ്പ് കേസ് രജിസ്റ്റർ ചെയ്യുകയാണ്. ആ ചട്ടത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പട്ടയഭൂമിയിലെ റിസർവ് ചെയ്ത മരങ്ങൾ മാത്രം മുറിക്കുന്നതിനാണ് നിയമപരമായി അനുമതി ആവശ്യമുള്ളത്. പക്ഷേ പലപ്പോഴും പല സ്ഥലങ്ങളിലും വനംവകുപ്പ് ഉദ്യോഗസ്ഥർ ഈ നിയമത്തെ ദുർവ്യാഖ്യാനിച്ച് കേസ്സെടുക്കുന്നു. പല ഫോറസ്റ്റ് സ്റ്റേഷനുകളിലും പല സെക്ഷനുകളാണ് ഉപയോഗിക്കുന്നത്. ചില ഫോറസ്റ്റ് സ്റ്റേഷനുകളിൽ കേരള ഫോറസ്റ്റ് ആക്റ്റിന്റെ 27 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നു. അത് വനത്തിനുള്ളിൽ അതിക്രമിച്ച് കയറി മരംമുറിച്ചാൽ എടുക്കേണ്ട സെക്ഷനാണ്. ഇത് വളരെ പ്രയാസം സൃഷ്ടിക്കുന്നു. ഇതിന്റെ കേസ്സുകളൊന്നും ഒരു കോടതിയിലും നിലനിൽക്കുന്നില്ല. പക്ഷേ പാവപ്പെട്ട കർഷകർ വർഷങ്ങളോളം കേസ് പറയുന്നു, അവസാനം തടി നശിക്കുന്നു, കർഷകന് തടി ലഭിക്കുന്നില്ല. ഇത് വളരെ പ്രയാസമുണ്ടാക്കുന്നതാണ്. അവൻ നട്ടുവളർത്തിയ നിയമപരമായി മുറിക്കേണ്ട മരങ്ങൾ, ഇത് കഴിഞ്ഞകാലങ്ങളിലെല്ലാം മുറിച്ചുകൊണ്ടിരുന്നതാണ്. ഇപ്പോൾ മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ടുകൊണ്ട് ഉയർന്നുവന്ന ചില പ്രശ്നങ്ങളുമൊക്കെ

ഉയർത്തിയാണ് വനംവകുപ്പ് ഉദ്യോഗസ്ഥർ ഇതുമായി ബന്ധപ്പെട്ട് അനുമതി നൽകാവുന്ന നിയമപരമായ മരങ്ങൾ മുറിക്കുന്നതിനുപോലും തടസ്സം നിലനിൽക്കുന്നത്. ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി പത്തനംതിട്ടയിൽ വന്ന യോഗത്തിൽ ഞങ്ങൾ ഈ വിഷയം അവതരിപ്പിച്ചിരുന്നു. അന്ന് ആ യോഗത്തിൽ പങ്കെടുത്ത ഫോറസ്റ്റിന്റെ ഉന്നത ഉദ്യോഗസ്ഥർ പറഞ്ഞു തടസ്സമില്ല, മുറിക്കാം. പക്ഷേ അതിനുശേഷവും നടക്കുന്നില്ല. കഴിഞ്ഞയോഗത്തിൽ അഡ്വ. പ്രമോദ് നാരായൺ എം.എൽ.എ. ഈ വിഷയം ആവശ്യപ്പെട്ടു. വനം വകുപ്പുമന്ത്രി യോഗം വിളിക്കാമെന്ന് സൂചിപ്പിച്ചിരുന്നു. പക്ഷേ ഒരുകാര്യവും നടക്കുന്നില്ല. ആ മേഖലയിലെ കർഷകരെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസമുള്ളവാക്കുന്നതാണ്. ഒരു ചികിത്സയോ മറ്റാവശ്യങ്ങളോ വന്നാൽ തന്റെ മുമ്പിൽ നിൽക്കുന്ന നിയമപരമായി മുറിക്കാൻ കഴിയുന്ന മരങ്ങൾപോലും മുറിക്കാൻ വനംവകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നു. അവർ നിയമത്തെ ദുർവ്യാഖ്യാനിക്കുന്നു. അടിയന്തരമായി ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും ഇക്കാര്യത്തിൽ ഇടപെടണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ബഹുമാനപ്പെട്ട കോന്നി എം.എൽ.എ. പറഞ്ഞതുപോലെ കഴിഞ്ഞ സഭയിൽ

ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.-യും സമാനമായ സബ്മിഷൻ ഉന്നയിച്ചിരുന്നു. അന്ന് ഞാൻ പറഞ്ഞ കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ അവസാനമായി സൂചിപ്പിച്ചത്. മുട്ടിൽ മരംമുറി കേസ്സുമായി ബന്ധപ്പെട്ട് ഇപ്പോഴും അവ്യക്തത നിലനിൽക്കുന്നുയെന്നതുതന്നെയാണ് അവസ്ഥ. ഈ അവ്യക്തത നീക്കാനുള്ള നടപടിക്കായി റവന്യൂ വകുപ്പുമായി ഒരുവട്ടം ചർച്ച നടത്തിക്കഴിഞ്ഞു. അതുമായി ബന്ധപ്പെട്ട് സർക്കാരിന് ഒരു പ്രൊപ്പോസൽ നൽകാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വനം, നിയമം, റവന്യൂ എന്നീ വകുപ്പുകളുമായി കൂടിയാലോചിച്ചാണ് പ്രൊപ്പോസൽ തയ്യാറാക്കേണ്ടത്. ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് നടപടി തുടരുകയാണ്. വ്യക്തത വരുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമേ എല്ലാവർക്കും ബോധ്യമാകുകയുള്ളൂവെന്നാണ് നടത്തിയ ചർച്ചയിലുണ്ടായ ധാരണ. ആയതിൻപ്രകാരമാണ് ഇത്തരമൊരു നടപടി സ്വീകരിച്ചിട്ടുള്ളത്. നടപടികൾ ത്വരിതപ്പെടുത്തി എത്രയും വേഗം വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കാനാവശ്യമായ കരുതൽ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, ഞാൻ സൂചിപ്പിച്ചതിനല്ല മറുപടി പറഞ്ഞത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് ചോദിച്ചതിന് മന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, ഞാൻ സൂചിപ്പിച്ചത് നിയമപരമായി അനുമതി ആവശ്യമായവ മുറിക്കുന്നതിൽ തടസ്സം നിൽക്കുന്നുണ്ടെന്നാണ്. അദ്ദേഹം മറുപടി പറഞ്ഞത് സംരക്ഷിത വനങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഉത്തരവുണ്ടാകുമെന്നാണ്. അതുണ്ടാകണം; ഒപ്പം, നിയമവിരുദ്ധമായ പ്രവർത്തനം നടത്തുന്ന വനം വകുപ്പ് ഉദ്യോഗസ്ഥരെയും തടസ്സപ്പെടുത്തണം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അവസാനത്തെ നിർദ്ദേശം പരിശോധിക്കുന്നതാണ്.

(4) <u>ഭൂമി കൈമാറ്റം</u>

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, റെയിൽവേ ഭൂമി സ്വകാര്യ വ്യക്തികൾക്ക് നൽകുന്ന കേന്ദ്ര സർക്കാരിന്റെയും റെയിൽവേ വകുപ്പിന്റെയും നീക്കങ്ങൾക്കെതിരായുള്ള ബഹുജനപ്രക്ഷോഭം കണ്ണൂരിൽ

ആരംഭിച്ചിരിക്കുകയാണ്. റെയിൽവേ യാർഡ് നിർമ്മാണത്തിനുവേണ്ടി നീക്കിവച്ച സ്ഥലമാണ്. നാലഞ്ച് പ്ലാറ്റ്ഫോമുകളുടെ വികസനം.... കണ്ണൂരിന്റെ പ്രാധാന്യമൊക്കെ നമുക്കെല്ലാവർക്കുമറിയാം. എത്രയോ കാലമായി പ്രവർത്തിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രദേശമാണ്. അവിടത്തെ വികസനത്തിനുള്ള മുഴുവൻ ഭൂമിയും പാട്ടത്തിന് നൽകുന്ന റെയിൽ ലാൻഡ് ഡെവലപ്മെന്റ് അതോറിറ്റിയുടെ നടപടികൾ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിന് തുടക്കം കുറിച്ചതെപ്പോഴാണെന്ന് എല്ലാവർക്കുമറിയാം. അത് ശക്തമായി ഇന്നത്തെ സർക്കാർ നടപ്പിലാക്കുകയാണ്. വിറ്റഴിക്കുകയെന്നത് ഒരു പൊതുകലാപരിപാടിയായി സ്വീകരിക്കുന്നതിന്റെ ഭാഗമായി എത്രയോ കാലമായി വികസനത്തിനുവേണ്ടി കാത്തിരിക്കുന്ന ഒരു റെയിൽവേ സ്റ്റേഷന്റെ 48 ഏക്കർ ഭൂമിയാണ് 45 വർഷത്തേയ്ക്ക് സ്വകാര്യ കമ്പനിക്ക് പാട്ടത്തിന് വച്ചിരിക്കുന്നത്. ഏഴ് ഏക്കർ ഭൂമി അടുത്ത സന്ദർഭത്തിലാണ് പാട്ടത്തിന് വച്ചിരിക്കുന്നത്. ഭൂമി പാട്ടത്തിന് നൽകുന്നതിനെതിരെ കാത്തിരുന്ന പലരുമുണ്ടായിരുന്നെങ്കിലും ആരും വേണ്ട രീതിയിൽ ഇടപെട്ടില്ല. ഇപ്പോൾ

എല്ലാ സംഘടനകളും രംഗത്തുണ്ട്. ഇന്നലെ എൽ.ഡി.എഫ്.-ന്റെ ആഭിമുഖ്യത്തിൽ ആയിരക്കണക്കിന് ആളുകൾ പങ്കെടുത്ത ബഹുജന മാർച്ചും ധർണ്ണയുമുണ്ടായിരുന്നു. ഈ സഭയിലെ ശ്രീ. കെ. വി. സുമേഷ്, എം.എൽ.എ. ഉൾപ്പെടെ ഞങ്ങളെല്ലാവരും അതിൽ പങ്കെടുത്തതാണ്. ഒരോഘട്ടങ്ങളിലായി ബഹുജന സംഘടനകളും രംഗത്തിറങ്ങുകയാണ്. റെയിൽവേ അധികാരികൾ അതൊന്നും കേൾക്കുന്ന ഭാവം സ്വീകരിച്ചില്ല. കാരണം, എല്ലാ പൊതുമേഖല സ്ഥാപനങ്ങളും വിറ്റഴിക്കുകയെന്നതാണ് രാജ്യം ഭരിക്കുന്ന ഭരണകൂടം ഏറ്റവും വേഗത്തിൽ ചെയ്തുകൊണ്ടിരിക്കുന്ന ഭരണനിർവ്വഹണ പരിപാടി. അതിന്റെ ഭാഗമായി വികസനത്തിനുവേണ്ടി ഇനിയും ഒരുപാട് മേഖലകൾ തുറന്നുകൊടുക്കാൻ കഴിയുന്ന സതേൺ റെയിൽവേയിലെ ഏറ്റവും പ്രശസ്തമായ ഒരു റെയിൽവേ സ്റ്റേഷന്റെ ഇത്രയും ഹെക്ടർ ഭൂമി 45 വർഷത്തേയ്ക്കാണ് പാട്ടത്തിന് കൊടുക്കുന്നത്. എന്നുപറഞ്ഞാൽ തിരിച്ചുകിട്ടുന്ന കാര്യത്തെക്കുറിച്ച് ചിന്തിക്കാൻ പോലും കഴിയില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നായി വിറ്റഴിക്കുന്ന കേന്ദ്ര സർക്കാരിന്റെ ഭരണഭീകരതയുടെ ദൃശ്യമാണ് കണ്ണൂർ റെയിൽവേ സ്റ്റേഷന്റെ ക്രയവിക്രയ പരിപാടികൾ. അത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും

മുഖ്യമന്ത്രിയുംകൂടി ശ്രദ്ധിച്ച് സംസ്ഥാന സർക്കാരിന്റെ ഇടപെടലുണ്ടായില്ലെങ്കിൽ ഇനിയും തുണ്ടുതുണ്ടായി വിറ്റ് റെയിൽവേ സ്റ്റേഷന്റെ എല്ലാ പ്രവർത്തനങ്ങളും നിശ്ചലമാകുന്ന ഗുരുതരമായ പ്രതിസന്ധിയുണ്ടാകുമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്ന നിർദ്ദേശം. കണ്ണൂർ റെയിൽവേ സ്റ്റേഷന്റെ പ്ലാറ്റ്ഫോം നിർമ്മാണ പരിപാടികളുൾപ്പെടെ എല്ലാം ഇപ്പോൾത്തന്നെ സ്തംഭിപ്പിച്ചുകഴിഞ്ഞിരിക്കുകയാണ്. നഗരവികസനത്തിന്റെ ഭാഗമായി നഗരത്തിൽ റോഡ് വികസനത്തിന്റെ നിർദ്ദേശങ്ങളുമായി സംസ്ഥാന സർക്കാരിന്റേതായ മാർഗ്ഗങ്ങളുമായി മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നതെല്ലാം തടസ്സപ്പെടും. കണ്ണൂർ നഗരത്തിന്റെ മുഖം വികൃതമാക്കുന്ന കേന്ദ്ര ഭരണകൂടത്തിന്റെ വൈകൃതങ്ങൾക്കെതിരെ ഒറ്റക്കെട്ടായി നിൽക്കുന്ന ജനങ്ങളെയാണ് കണ്ണൂരിൽ കാണാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഉത്തരവാദപ്പെട്ടവരും അതിന് കർശനമായ നിലപാടുകൾ സ്വീകരിക്കണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, റെയിൽവേ സ്റ്റേഷൻ പരിസരത്തുള്ള ഭൂമി

വിറ്റഴിക്കുന്നതുമായി ബന്ധപ്പെട്ട സബ്മിഷനാണ്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത് കണ്ണൂർ റെയിൽവേ സ്റ്റേഷന്റെ കാര്യമാണ്. പൊതുമേഖലാ സ്ഥാപനങ്ങളും ഭൂമിയും വിറ്റഴിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കൊല്ലം അടക്കമുള്ള റെയിൽവേ സ്റ്റേഷനുകൾ വിൽക്കുമെന്നാണ് അറിഞ്ഞത്. കേരളത്തിലെ യുവജനസംഘടനകളൊക്കെ ഇതിനെതിരെ ശക്തമായ സമരം നടത്തിവരികയാണ്. കണ്ണൂർ റെയിൽവേ സ്റ്റേഷൻ പരിസരത്ത് റെയിൽവേയുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം മറ്റാർക്കും കൈമാറിയിട്ടില്ലെന്നും ആയത് റെയിൽവേയുടെ കൈവശത്തിൽ മാത്രമാണെന്നും പ്രസ്തുത ഭൂമി കണ്ണൂർ റെയിൽവേ കോളനി പ്രദേശത്തിന്റെ വികസനത്തിനുവേണ്ടി സമയബന്ധിതമായി റെയിൽ ലാൻഡ് ഡെവലപ്മെന്റ് അതോറിറ്റിക്ക് നൽകുകയാണെന്നും ഭൂമി കൈമാറ്റം സംബന്ധിച്ച് ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും പാലക്കാട് ഡിവിഷണൽ മാനേജർ അറിയിച്ചിട്ടുണ്ട്. എന്നാൽ, റെയിൽ ലാൻഡ് ഡെവലപ്മെന്റ് അതോറിറ്റി ഈ ഭൂമി 45 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകാൻ തീരുമാനിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കണ്ണൂർ റെയിൽവേ സ്റ്റേഷന്റെ ഭാവിവികസനത്തിന് തടസ്സമാകുമോയെന്ന ആശങ്ക

ഉയർന്നുവന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് അന്വേഷിച്ച് ആവശ്യമായ ഇടപെടൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്.

## (5) വയോജന കമ്മീഷൻ

ശ്രീ. എം. രാജഗോപാലൻ: സർ, സംസ്ഥാനത്ത് ഒരു വയോജന കമ്മീഷൻ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് എന്റെ സബ്മിഷൻ. എല്ലാവരുടെയും ഭാവി ഓർത്ത് ഇത് പരിഗണിക്കപ്പെടേണ്ട ഒരു സബ്മിഷനാണ്. വാർദ്ധക്യമെന്നത് ഒരു ശിക്ഷയോ ശാപമോ അല്ല. സ്വാഭാവികമായൊരു പരിണാമമാണ്. എന്നാൽ കമ്പ്യൂട്ടർ യുഗത്തിൽ ജനങ്ങൾ ഏറ്റവും ഭയപ്പെടുന്നത് വയസ്സിനെയാണ്. ലോകത്തിലെ ഏറ്റവും വലിയ യുദ്ധം 'war against age' ആയി മാറുകയാണ്. ഇന്ത്യൻ പാരമ്പര്യമൂല്യങ്ങളും സംസ്കാരവും മതവും കൂട്ടുകുടുംബത്തോടൊപ്പം വയോജനങ്ങൾക്കുവേണ്ട സംരക്ഷണവും പ്രാധാന്യവും മുൻകാലങ്ങളിൽ നൽകിയിരുന്നു. ആധുനികവൽക്കരണവും വ്യവസായവൽക്കരണവും കൂട്ടുകുടുംബ സംവിധാനത്തെ ശിഥിലമാക്കിയതോടെയാണ് വയോജന സംരക്ഷണം സമൂഹത്തിൽ ഗുരുതരമായ പ്രശ്നമായി മാറിയത്. ഇന്ത്യൻ

ഭരണഘടനയുടെ നിർദ്ദേശകതത്ത്വം 41-ാം വകുപ്പാണെങ്കിൽ വയോജനങ്ങൾ ഉൾപ്പെടെ ദുർബ്ബല വിഭാഗങ്ങൾക്ക് സംരക്ഷണം ഉറപ്പുനൽകുന്നുണ്ട്. അതുപോലെ 2007-ൽ പാസ്സാക്കിയിട്ടുള്ള Maintenance and Welfare of Parents and Senior Citizens Act നിലവിലുണ്ട്. പക്ഷെ ഇതൊന്നും ശക്തമായി നടപ്പാക്കുന്നതിനോ വയോജന സംരക്ഷണം ഉറപ്പുവരുത്തുന്നതിനോ കഴിയുന്നില്ലെന്നതാണ് യാഥാർത്ഥ്യം. കേരളത്തിലെ ജനസംഖ്യയിൽ 16.6 ശതമാനം വയോജനങ്ങളാണ്. പ്രതിവർഷം 2.3 ശതമാനം ആളുകളാണ് ഈ ഇനത്തിൽ വർദ്ധിക്കുന്നത്. സംസ്ഥാന സർക്കാർ ഈ രംഗത്ത് നല്ല ഇടപെടൽ നടത്തുന്നുണ്ട്. ഗ്രാന്റ് കെയർ പദ്ധതി, സെക്കന്റ് ഇന്നിങ്സ് ഹോം, വയോമിത്രം, വയോമധുരം, മന്ദഹാസം, സായംപ്രഭ എന്നിവ ശ്രദ്ധേയമായ പദ്ധതികളാണ്. വയോജനങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ അഭിസംബോധന ചെയ്യുന്നതിന് ഒരു പ്രത്യേക പദ്ധതിക്ക് രൂപംനൽകുമെന്നാണ് കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തിലും പ്രഖ്യാപിച്ചിട്ടുള്ളത്. ഇവരുടെ സുരക്ഷിതത്ത്വവുമായി ബന്ധപ്പെട്ടതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. വയോജനങ്ങളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും ഇതര ജനവിഭാഗങ്ങളിൽനിന്നും തീർത്തും

വ്യത്യസ്തവും വിഭിന്നവുമാണ്. ജീവിതാന്ത്യത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഇവരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും സത്വരമായി സാധിച്ചുകൊടുക്കേണ്ടതുണ്ട്. വയോജനങ്ങളിൽ ഏതാണ്ട് 30% പേരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും 65 ശതമാനത്തോളം രോഗബാധിതരും 10 ശതമാനത്തോളം ചലനശേഷിയില്ലാത്തവരുമാണ്. വയോജനപീഡനം ഇന്നൊരു സാധാരണ സംഭവമായി മാറിയിരിക്കുകയാണ്. കേരളത്തിലെ വൃദ്ധന്മാരിൽ 45 ശതമാനവും പീഡിതരാണെന്നാണ് HelpAge India-യുടെ പഠനറിപ്പോർട്ട് പ്രകാരം കണക്കാക്കപ്പെട്ടിട്ടുള്ളത്. പ്രായമായ സ്ത്രീകളുടെ കാര്യം കൂടുതൽ കഷ്ടമാണ്. അവർ വാർദ്ധക്യത്തോടൊപ്പം വൈധവ്യം, ദാരിദ്ര്യം, അനാരോഗ്യം, പരിരക്ഷയ്ക്ക് ആളില്ലായ്മ ഉൾപ്പെടെയുള്ള അവശതകളാണ് നേരിടുന്നത്. പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന വയോജനങ്ങളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. സ്വമേധയാ കേസെടുക്കാൻ കഴിവുള്ളതും ജൂഡീഷ്യൽ അധികാരമുള്ളതുമായ ഒരു കമ്മീഷന് മാത്രമേ വയോജനങ്ങളുടെ അവകാശങ്ങളും സുരക്ഷിതത്വവും ഉറപ്പുവരുത്താൻ കഴിയൂ. ആയതിനാൽ ജൂഡീഷ്യൽ പവറുള്ള ഒരു വയോജന കമ്മീഷൻ രൂപീകരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഈ

സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ച കാര്യങ്ങൾ പൂർണ്ണമായും ശരിയാണ്. നമ്മുടെ വികസിത മുതലാളിത്തത്തിന്റെ Use and throw culture-ഉപയോഗിക്കു വലിച്ചെറിയൂ എന്ന് ആഹ്വാനം ചെയ്യുന്ന ഡിസ്പോസബിൾ സംസ്കാരം മനുഷ്യരെയും വലിച്ചെറിയാൻ പ്രേരിപ്പിക്കുന്ന നിലയിലേയ്ക്ക് പോകുന്നതിന്റെ ഭാഗമായി സമൂഹത്തിൽ വയോജനങ്ങൾ വലിയ രീതിയിലുള്ള പ്രയാസങ്ങൾ നേരിടുന്നു. വയോജനക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സാമൂഹിക-സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന മുതിർന്ന പൗരന്മാർക്ക് അടിയന്തര സാഹചര്യങ്ങളിൽ ചികിത്സ, സംരക്ഷണം, നിയമസഹായം, Care giver സേവനം എന്നിവ ഉറപ്പുവരുത്തുന്നതിനായി വയോരക്ഷാ പദ്ധതി വകുപ്പ് നടപ്പാക്കിവരുന്നു. വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 16 ഓൾഡേജ് ഹോമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരത്തോടെ പ്രവർത്തിക്കുന്ന 199 ഓൾഡേജ് ഹോമുകൾക്ക്

സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. ആരും സംരക്ഷിക്കാനില്ലാത്ത വയോജനങ്ങളുടെ പുനരധിവാസവും സംരക്ഷണവും മേൽപ്പറഞ്ഞ പദ്ധതികളിലൂടെ ഉറപ്പുവരുത്തുന്നു. കേരളത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന 'എൽഡർലൈൻ' എന്ന ടോൾഫ്രീ ഹെൽപ്പ് ലൈനിൽ വിളിച്ച് സേവനങ്ങൾ ആവശ്യപ്പെടുന്ന വയോജനങ്ങൾക്ക് എത്രയും വേഗത്തിൽ ഫീൽഡുതല ഉദ്യോഗസ്ഥരുടെ സഹായത്തോടെ സേവനങ്ങൾ നൽകിവരുന്നു. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007-ലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്ന സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് വയോശ്രേഷ്ഠ പുരസ്കാരം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 27 റവന്യൂ സബ് ഡിവിഷൻ ഓഫീസർമാർ മെയിന്റനൻസ് ട്രിബ്യൂണലുകളായും 14 ജില്ലാ കളക്ടർമാർ അപ്പലേറ്റ് അതോറിറ്റികളായും പ്രവർത്തിച്ചുവരുന്നു. മെയിന്റനൻസ് ട്രിബ്യൂണലുകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം ലഭ്യമാക്കി മുതിർന്ന പൗരന്മാരുടെ സംരക്ഷണവുമായി ബന്ധപ്പെട്ട കേസുകൾ വേഗത്തിൽ തീർപ്പാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നഗരസഭകളുമായി ചേർന്ന് 65 വയസ്സിനുമുകളിൽ

പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസിലിംഗ്, പാലിയേറ്റീവ് സേവനം, ഹെൽപ്പ് ഡെസ്കിന്റെ സേവനം എന്നിവ ലഭ്യമാക്കി ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് വയോമിത്രം പദ്ധതി. ഈ പദ്ധതി സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകളിലും 85 മുനിസിപ്പൽ നഗരസഭാ പ്രദേശത്തും 4 ബ്ലോക്ക് പഞ്ചായത്തിലും കേരള സാമൂഹിക സുരക്ഷാ മിഷൻ മുഖേന നടപ്പാക്കിവരുന്നുണ്ട്. നിലവിൽ 95 വയോമിത്ര യൂണിറ്റുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. സൗജന്യ ചികിത്സയ്ക്കുപുറമെ മുതിർന്നപൗരന്മാർക്ക് മാനസികോല്ലാസം പ്രദാനം ചെയ്യാനുള്ള പരിപാടികൾ, വിവിധ ദിനാചരണങ്ങൾ, സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയും വയോമിത്രം പദ്ധതിയിലൂടെ നടപ്പാക്കിവരുന്നു.

വയോമിത്രം പദ്ധതിക്കുപുറമെ 'വാതിൽപ്പടി സേവനം' എന്ന സേവന പദ്ധതികൂടി വിപുലീകൃതമായ രീതിയിൽ നടപ്പാക്കുന്നുണ്ട്. ഡോക്ടർമാരുൾപ്പെടെയുള്ള ടീം കിടപ്പുരോഗികളുടെയും ഭിന്നശേഷിക്കാരായിട്ടുള്ള മുതിർന്ന പൗരന്മാരുടെയും വീടുകളിലെത്തി ചികിത്സ, മരുന്നുകൾ, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങൾ

നൽകിവരുന്നുണ്ട്. വയോജന കമ്മീഷൻ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗമുന്നയിച്ച വിഷയം ഏറെ പ്രസക്തമാണ്. വയോജനങ്ങളുടെ ക്ഷേമത്തിനായി മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനും വയോജനങ്ങളുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയുക്തമാക്കുന്നതിലേയ്ക്കാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും വയോജന സംരക്ഷണത്തിനുള്ള നിയമങ്ങളിലോ ഉത്തരവുകളിലോ ഉള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച പരിശോധനകൾ നടത്തുന്നതിനുമായി സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിന് വയോജന കമ്മീഷൻ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

## (6) കഴക്കൂട്ടം-കാരോട് ബൈപ്പാസിൽ പഴയകടയിൽ ഫ്ലൈ ഓവർ നിർമ്മാണം

ശ്രീ. കെ. ആൻസലൻ: സർ, നെയ്യാറ്റിൻകര മണ്ഡലത്തിൽ ഇപ്പോൾ നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന കഴക്കൂട്ടം-കാരോട് ബൈപ്പാസിലെ പ്രധാനപ്പെട്ട പി.ഡബ്ല്യു.ഡി. റോഡിലെ പഴയകടയിൽ മേൽപ്പാലം നിർമ്മിക്കുന്ന വിഷയമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. 60 വർഷത്തിലേറെ പഴക്കമുള്ളതും നൂറുകണക്കിന്

വാഹനങ്ങൾ നിത്യേന സഞ്ചരിക്കുന്നതുമായ പ്രധാനപ്പെട്ട പി.ഡബ്ല്യു.ഡി. റോഡിൽ മേൽപ്പാലം നിർമ്മിക്കാതെ സർവ്വീസ് റോഡിൽക്കൂടി കെ.എസ്.ആർ.ടി.സി. ബസ്സടക്കമുള്ള വലിയ ലോറികൾ കടന്നുപോകണമെന്നുള്ള അശാസ്ത്രീയമായ ഒരു നിബന്ധന വച്ചുകൊണ്ടാണ് NHAI-യുടെ പ്രവർത്തനം പൂർത്തീകരണത്തിലേയ്ക്ക് പോകുന്നത്. വളരെ പ്രധാനപ്പെട്ട തിരുപുറം മഹാദേവർ ക്ഷേത്രം, കുളത്തൂർ ശ്രീ ഭദ്രകാളിക്ഷേത്രം, ഏകദേശം എട്ടോളം വരുന്ന ക്രിസ്തീയ ആരാധനാലയങ്ങൾ, കുളത്തൂർ ഗവൺമെന്റ് കോളേജ്, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഗവൺമെന്റ് ടി.ടി. സ്കൂൾ, എൽ.പി. സ്കൂളുകൾ തുടങ്ങിയവയുള്ള പ്രധാനപ്പെട്ട യാത്രാസൗകര്യം അനുവദിക്കപ്പെടേണ്ട ഒരു പ്രദേശത്താണ് NHAI-യുടെ നിരുത്തരവാദപരമായ സമീപനം. 10 വർഷത്തിനുമുമ്പ് ഇതിന്റെ പ്രസന്റേഷനും ഡിസൈനും മറ്റ് കാര്യങ്ങളും ചർച്ച ചെയ്യപ്പെട്ട ഘട്ടത്തിൽ അന്നിരുന്ന ജനപ്രതിനിധികൾക്ക് വന്നിട്ടുള്ള നോട്ടപ്പിശകോ അല്ലെങ്കിൽ NHAI-യുടെ നിലപാടിലെ മാറ്റമോ; എന്താണെന്നറിയില്ല, ഇപ്പോൾ അവിടെ ആയിരക്കണക്കിന് ആളുകൾ പങ്കെടുത്ത സമരങ്ങളും നിരന്തരമായിട്ടുള്ള സത്യാഗ്രഹ സമരവും തുടങ്ങുകയും വലിയതോതിലുള്ള പ്രക്ഷോഭത്തിലേയ്ക്ക്

ആളുകൾ കടന്നുവന്നിരിക്കുകയുമാണ്. വലിയതോതിൽ ജനങ്ങളെ ബാധിക്കുന്ന ഈ പ്രശ്നത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കകത്തുനിന്നുകൊണ്ട് NHAI അതോറിറ്റിയുമായി ശക്തമായ ഇടപെടൽ നടത്തി ഈ വിഷയത്തിന് പരിഹാരമുണ്ടാക്കണമെന്നാണ് സബ്മിഷനിലൂടെ ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കേന്ദ്ര സർക്കാരിനുകീഴിലുള്ള ദേശീയപാതാ അതോറിറ്റി പ്രവൃത്തിയുമായി ബന്ധപ്പെട്ട പഴയകട-മാവിളക്കടവ് റോഡ് ക്രോസ് ചെയ്യുന്ന ഭാഗത്ത് ഫ്ലൈ ഓവർ നിർമ്മിക്കണമെന്നതാണ് ശ്രീ. കെ. ആൻസലൻ ഉന്നയിച്ചിട്ടുള്ള സബ്മിഷനിലെ ആവശ്യം. ഈ ജംഗ്ഷന് സമീപം 180 മീറ്റർ മാറി വെഹിക്കുലർ ഓവർ പാസ്സും 240 മീറ്റർ മാറി ഒരു വെഹിക്കുലർ അണ്ടർ പാസ്സും നിർമ്മിച്ചിട്ടുണ്ടെന്നാണ് ദേശീയപാതാ അതോറിറ്റി നൽകിയ മറുപടി. നിലവിൽ 95 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിരിക്കുകയാണ്. പ്രവൃത്തിയുടെ പൂർത്തീകരണഘട്ടത്തിൽ change of scope പ്രൊപ്പോസലുകൾ പരിഗണിക്കാനാവില്ലെന്നും NHAI അറിയിക്കുന്നു. ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് കാലയളവിൽ സാങ്കേതിക സാധ്യത

പരിശോധിച്ച് ഫ്ലൈ ഓവർ നിർമ്മാണം പരിഗണിക്കാമെന്നാണ് NHAI അറിയിച്ചിരിക്കുന്നത്. ഈ പ്രശ്നം കേരളത്തിലെ പലയിടങ്ങളിലുമുള്ളതിനാൽ ആയത് പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് മാസത്തിലൊരിക്കൽ ഇതിന്റെ റിവ്യൂ യോഗങ്ങൾ NHAI-യുമായി ചേർന്ന് നടത്തുന്നുണ്ട്. 9 ജില്ലകളിലൂടെയാണ് ഈ ദേശീയപാതയുടെ പ്രവൃത്തി പോകുന്നത്. അതിനാൽ NHAI-യുടെ പ്രോജക്ട് ഡയറക്ടർ മുതൽ പ്രധാനപ്പെട്ട ഉദ്യോഗസ്ഥർ, പൊതുമരാമത്ത് ഉദ്യോഗസ്ഥർ, എം.എൽ.എ.-മാർ എന്ന നിലയിൽ ഓരോ ജില്ലയിലൂടെയും സഞ്ചരിച്ച് ഒരു ജില്ലയിലെ ഒരു നിയമസഭാ മണ്ഡലത്തിലെ കേന്ദ്രത്തിലെത്തി അവിടെയുള്ള ജനങ്ങൾക്ക് പറയാനുള്ളത് കേൾക്കുന്ന നിലയിലുള്ള ഇടപെടൽ നടത്തുന്നുണ്ട്. 9 ജില്ലകളിൽ 4 ജില്ലകളിൽ ഇതുപോലെ സഞ്ചരിച്ചുകഴിഞ്ഞു. ഇനി 5 ജില്ലകളാണ് ബാക്കിയുള്ളത്. അവിടെയും ഇതുപോലെ പോകുന്നതായിരിക്കും.

(7) <u>ഊട്ടറ പാലത്തിന്റെ നിർമ്മാണം</u>

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, നെന്മാറ നിയോജകമണ്ഡലത്തിലെ ഭൂരിപക്ഷം വരുന്ന പഞ്ചായത്തുകളിലെ ജനങ്ങളെ ജില്ലാ-താലൂക്ക്

കേന്ദ്രങ്ങളിൽ ബന്ധിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പാലങ്ങളിലൊന്നാണ് കൊല്ലങ്കോട് ഊട്ടറപ്പാലം. 1940-ൽ ബ്രിട്ടീഷ് കാലത്ത് പണിതീർത്ത് 83 വർഷം പിന്നിട്ട പാലത്തിന്റെ ഒരു ഭാഗത്ത് ഈ ജനുവരി 8-ന് വിള്ളലും തകർച്ചയുമുണ്ടായി ഗതാഗതം തടസ്സപ്പെട്ടിരിക്കുകയാണ്. പ്രധാനപ്പെട്ട ജില്ലാ ആശുപത്രികളിലേയ്ക്ക് പോകുന്ന രോഗികൾ, പഠനാവശ്യത്തിനായി പോകുന്ന ആയിരക്കണക്കിന് വിദ്യാർത്ഥികൾ, ജീവനക്കാർ, വ്യാപാരികൾ, കൃഷിക്കാർ, കൊല്ലങ്കോട് റെയിൽവേസ്റ്റേഷനിലേയ്ക്ക് പോകുന്ന യാത്രക്കാർ, സാധാരണ തൊഴിലാളികൾ എന്നിവരുൾപ്പെടെ യാത്രചെയ്യാൻ ഉപയോഗപ്പെടുത്തുന്ന പ്രധാനപ്പെട്ട റോഡുകളിലെ ഒരു പാലമാണ് ഊട്ടറപ്പാലം. ഇന്ന് കിലോമീറ്ററുകൾ ചുറ്റി ഒരു സുരക്ഷിതത്വവും കൈവരികളുമില്ലാത്ത ആലംപള്ളം-ചപ്പാത്ത് വഴിയാണ് നൂറുകണക്കിന് വാഹനങ്ങൾ യാത്രാക്കാരെയും ചരക്ക് കടത്തുന്നതിനും ഉപയോഗപ്പെടുത്തുന്നത്. അതും വലിയ അപകടത്തിലാണ്. ഊട്ടറപ്പാലം തകർന്നുവെന്ന വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെയും അതിനെക്കാളുപരി ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തി. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഇടപെടലിന്റെ ഭാഗമായി അടിയന്തരമായി

അതിന്റെ നവീകരണത്തിനാവശ്യമായ 50 ലക്ഷം രൂപ അനുവദിക്കപ്പെടുക മാത്രമല്ല; അതിനാവശ്യമായ നടപടികൾ പൂർത്തീകരിച്ച് കഴിഞ്ഞ ദിവസം നവീകരണത്തിനാവശ്യമായ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. അത്തരം ഇടപെടൽ നടത്തുകയും നവീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി നേതൃത്വം കൊടുക്കുകയും ചെയ്ത ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയെയും വകുപ്പിനെയും ഞാൻ അഭിനന്ദിക്കുകയാണ്.

2017-2018 സാമ്പത്തിക വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഊട്ടറപ്പാലം പുതുതായി പണിചെയ്യുന്നതിനും അതിനോടനുബന്ധിച്ചുള്ള റെയിൽപ്പാലത്തിന് മേൽപ്പാലം പണിയുന്നതിനുമാവശ്യമായ 15 കോടിയോളം രൂപ അന്ന് കിഫ്ബിയിൽ അനുവദിച്ചിരുന്നതും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചതുമാണ്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഊട്ടറപ്പാലം പണിചെയ്യുന്നതിനാവശ്യമായ രൂപത്തിൽ ഏറ്റെടുക്കേണ്ട ഭൂമി സർക്കാരിന് വിട്ടുതരേണ്ടവരിൽനിന്നും സറണ്ടറുൾപ്പെടെ വാങ്ങി നൽകാനും ഇപ്പോൾ കഴിഞ്ഞിട്ടുണ്ട്. 2017-2018-ൽ പ്രഖ്യാപിച്ചിട്ടുള്ള ഊട്ടറപ്പാലത്തിന്റെയും റെയിൽവേ മേൽപ്പാലത്തിന്റെയും പ്രവൃത്തികൾ എത്രയും പെട്ടെന്ന് ആരംഭിച്ച്

യാത്രാപ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കിത്തരണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പാലക്കാട് ജില്ലയിലെ ഊട്ടറ പാലത്തിന്റെ അപകടാവസ്ഥയും പുതിയ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രധാന വിഷയമാണ് നെന്മാറ എം.എൽ.എ., ശ്രീ. കെ. ബാബു സബ്മിഷനിലൂടെ ഉന്നയിച്ചത്. അദ്ദേഹം ഇക്കാര്യം നേരത്തേ ശ്രദ്ധയിൽപ്പെടുത്തുകയും അടിയന്തര ഇടപെടൽ നടത്തുകയും ചെയ്തതാണ്. ഇപ്പോൾ ഊട്ടറപാലത്തിന്റെ രണ്ടാമത്തെ സ്പാനിലുണ്ടായ അപകടാവസ്ഥ പരിഹരിക്കുന്നതിന് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ചീഫ് എഞ്ചിനീയർ പ്രദേശം സന്ദർശിക്കുകയും പ്രവർത്തനം വേഗത്തിലാക്കുകയും ചെയ്തു. റിപ്പോർട്ടും നൽകിയിട്ടുണ്ട്. നിലവിൽ താൽക്കാലിക അടിയന്തര അറ്റകുറ്റപ്പണിക്കായി 50 ലക്ഷം രൂപ അനുവദിച്ച് പ്രവൃത്തി നടന്നുവരികയാണ്. പാലക്കാട് ജില്ലയിലെ ഊട്ടറ പുഴ പാലത്തിന്റെയും റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടത്താൻ സർക്കാർ തീരുമാനിക്കുകയും

ആർ.ബി.ഡി.സി.കെ. (Roads and Bridges Development Corporation of Kerala Limited)-യെ എസ്.പി.വി. ആയി ചുമതലപ്പെടുത്തുകയും ചെയ്തു. പുഴപ്പാലത്തിന്റെ നിർമ്മാണത്തിനും റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പിനുമായി 10,61,00,000/- രൂപ അനുവദിക്കുകയും ചെയ്തിരുന്നു. പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാവുകയാണ്. സ്ഥലം ഉടമകൾ മുൻകൂറായി ഭൂമി വിട്ടുനൽകുന്നതിനുള്ള സമ്മതപത്രം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രവൃത്തി ടെണ്ടർ സ്റ്റേജിലേയ്ക്ക് കടക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി ഐറ്റം റേറ്റ് രീതിയിൽ ടെണ്ടർ ക്ഷണിക്കുകയാണ്. നിർദ്ദേശം ലഭിച്ചതിനെത്തുടർന്ന് ഡിസൈൻ ചെയ്യുന്നതിനായി കൺസൽട്ടന്റായ മെസ്സേഴ്സ് റൈറ്റ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനായി ടി.എസ്. കമ്മിറ്റി ഉടൻചേർന്ന് സാങ്കേതികാനുമതി പരിശോധിക്കും. സംഭവങ്ങളുടെ അടിയന്തര സ്വഭാവം കണക്കിലെടുത്ത് വേഗത്തിൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ആർ.ഡി.ബി.സി.കെ. മാനേജിംഗ് ഡയറക്ടർക്ക് പ്രത്യേക ചുമതല നൽകിയിട്ടുണ്ട്.

(8) ഈസ്റ്റ് ഒറ്റപ്പാലം പാലം നിർമ്മാണം

ശ്രീ. കെ. പ്രേംകുമാർ: സർ, ഒറ്റപ്പാലം എന്ന പേര് വരാനിടയായതും ഏറെ പഴക്കമുള്ളതുമായ ഒന്നാണ് ഈസ്റ്റ് ഒറ്റപ്പാലം പാലം. പാലക്കാട് പൊന്നാനി സംസ്ഥാന പാതയിൽ പതിനായിരക്കണക്കിന് ആളുകൾ നിത്യേന യാത്ര ചെയ്യുന്ന ഒറ്റപ്പാലത്തിനടുത്തുള്ള ഈസ്റ്റ് ഒറ്റപ്പാലം പാലം വൻതോതിൽ യാത്രാക്കുരുക്കുണ്ടാക്കുന്ന അവസ്ഥ സൃഷ്ടിക്കുകയാണ്. പാലത്തിന് ഇരുവശത്തും വീതിയേറിയ റോഡാണ്. പക്ഷേ പഴയപാലം ഇടുങ്ങിയതായതിനാൽ പ്രത്യേകിച്ചും പകൽസമയങ്ങളിൽ വൻതോതിൽ യാത്രാക്കുരുക്കുണ്ടാവുകയാണ്. മിനി സിവിൽ സ്റ്റേഷൻ, താലൂക്കാശുപത്രി, താലൂക്ക് സപ്ലൈ ഓഫീസ്, സബ് കോടതി, ജയിൽ, നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയെല്ലാമുള്ള ജില്ലാ കേന്ദ്രത്തിലേയ്ക്ക് ആളുകൾക്ക് ധാരാളം യാത്ര ചെയ്യേണ്ട പ്രസ്തുത റോഡിലുള്ള പാലത്തിന്റെ പണി അടിയന്തരമായി ആരംഭിക്കേണ്ടതുണ്ട്. 05-02-2021-ന് 418 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. അപ്രോച്ച് റോഡ് വരുന്ന ഭാഗത്ത് രണ്ട് രാഷ്ട്രീയ പാർട്ടികളുടെ കെട്ടിടം ഒഴിവാക്കി പഴയ പാലത്തിനടുത്തായി പുതിയ പാലം പണിയുന്നതിനുള്ള അലൈൻമെന്റ്

ഡ്രോയിംഗിന് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെയും പാലം പണി ആരംഭിക്കാനായിട്ടില്ല. പാലത്തിന്റെ പണി അടിയന്തരമായി ആരംഭിച്ച് ഗതാഗതക്കുരുക്ക് ഒഴിവാക്കാനും യാത്ര സുഗമമാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഈസ്റ്റ് ഒറ്റപ്പാലം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിക്ക് നേരത്തേ 4,18,00,000/- രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ അനുമതി ലഭിച്ച അലൈൻമെന്റ് ഡ്രോയിംഗ് പ്രകാരം സൈറ്റിൽ അലൈൻമെന്റ് ഫിക്സ് ചെയ്യാൻ തടസ്സമുണ്ടായി. ഈ സാഹചര്യത്തിൽ പഴയപാലത്തിനടുത്തുതന്നെ സമാന്തരമായി പുതിയ പാലം പണിയുന്നതിനുള്ള അലൈൻമെന്റ് ഡ്രോയിംഗ് വീണ്ടും തയ്യാറാക്കി. പാലത്തിന്റെ നിർമ്മാണത്തിനായി 4,80,00,000/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം വ്യക്തത വരുത്തി സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. സമയബന്ധിതമായി ഈ പ്രവർത്തനവും

പൂർത്തിയാക്കി ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാനാണ് ഉദ്ദേശിക്കുന്നത്. നിർദ്ദേശിച്ചപ്രകാരം പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് ചീഫ് എഞ്ചിനീയർക്ക് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.

(9) <u>തമ്മനം-പുല്ലേപ്പടി റോഡ് നിർമ്മാണം</u>

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, കൊച്ചി നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഗതാഗത സംവിധാനത്തിന്റെ ആവശ്യകതയാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. നഗരസഭ ഏകദേശം 28 വർഷമായി അലൈൻമെന്റ് ഫൈനലൈസ് ചെയ്ത് തമ്മനം-പുല്ലേപ്പടി റോഡ് വരുന്നതിനുവേണ്ടിയുള്ള സമഗ്രമായ ഇടപെടൽ നടത്തിയതാണ്. എന്നാൽ അത് പൂർത്തീകരിക്കാനാവശ്യമായ സാമ്പത്തിക ഭദ്രത നഗരസഭയ്ക്കില്ലാത്തതുകൊണ്ട് 2017-18 കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തമ്മനം-പുല്ലേപ്പടി റോഡ് പൂർത്തീകരിക്കുന്നതിന് ഗവൺമെന്റ് തീരുമാനമെടുക്കുകയുണ്ടായി. അതിനെത്തുടർന്ന് ഇതിന്റെ പ്രവർത്തനം നടത്തുന്നതിനുവേണ്ടി കേരള റോഡ് ഫണ്ട് ബോർഡിനെ നിർവ്വഹണ

ഏജൻസിയായി തീരുമാനിച്ചു. ഏകദേശം എം.ജി. റോഡുമുതൽ എൻ.എച്ച്. 66 ചക്കരപ്പറമ്പ് വരെ 3.75 കിലോമീറ്റർ ആണ് റോഡിന്റെ ദൈർഘ്യം. ആകെ വേണ്ട സ്ഥലം 5.83 ഹെക്ടറാണ്. അതിൽ ലാൻഡ് അക്വിസിഷനിലൂടെയും ഫ്രീ സറണ്ടറായും ഏകദേശം 217.90 ഹെക്ടർ സ്ഥലം ലഭ്യമായിട്ടുണ്ട്. 3.68 ഹെക്ടർ സ്ഥലംകൂടി റോഡിനായി ആവശ്യമുണ്ട്. ഇതുമായി ബന്ധപ്പെട്ട് കിഫ്ബിയുടെ നടപടിക്രമത്തിന്റെ ഭാഗമായി ഒരു സർവ്വേ നടത്തി. അതിനെത്തുടർന്ന് കേരള റോഡ് ഫണ്ട് ബോർഡ് സ്റ്റോൺ ലേയിംഗുമായി ബന്ധപ്പെട്ട നടപടി ആരംഭിച്ചു. അപ്പോഴാണ് നിലവിൽ ലാൻഡ് അക്വിസിഷൻ നടത്തിയിരിക്കുന്ന അലൈൻമെന്റിൽനിന്നും വ്യത്യസ്തമായി, ഏകദേശം ആ ഭൂമി അവിടെ നിലനിർത്തിക്കൊണ്ട് വേറൊരു അലൈൻമെന്റിലാണ് റോഡിന്റെ അലൈൻമെന്റ് ഫിക്സ് ചെയ്തിരിക്കുന്നതെന്ന വിഷയം വന്നത്. അതിനാൽ ഭൂമിക്ക് കല്ലിടൽ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ജനങ്ങൾക്കിടയിൽ ഇതുമായി ബന്ധപ്പെട്ട് പ്രതിഷേധം നിലനിൽക്കുന്നുണ്ട്. 28 വർഷമായി ജനങ്ങൾ ഭൂമി ഇപ്പോൾ ഏറ്റെടുക്കുമെന്ന് പറഞ്ഞ് പ്രതീക്ഷിച്ചിരുന്നൊരു അലൈന്മെന്റിൽനിന്നും വ്യത്യസ്തമായ

അലൈൻമെന്റാണ് കിഫ്ബിയുടെ അലൈൻമെന്റായി ഫിക്സ് ചെയ്തിരിക്കുന്നത്. അതുകൊണ്ട് അതിന്റെ നടപടികളുമായി മുന്നോട്ടുപോകാൻ കഴിയുന്നില്ല. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 20-03-2022-ൽ ഏകദേശം 93.89 കോടി രൂപ കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭ്യമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് മേയറും എം.എൽ.എ. ആയ ഞാനും കളക്ടറും പല മീറ്റിംഗുകളും കൂടുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് കോടതിയിലുള്ള കേസ് contempt ആയി നിൽക്കുന്നുണ്ട്. കോടതി നിരന്തരമായി ഇത് നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. റോഡിന്റെ അലൈൻമെന്റുമായി ബന്ധപ്പെട്ട ചെറിയ തർക്ക കാരണം അതിന്റെ പ്രവർത്തനങ്ങൾ നിശ്ചലമായിരിക്കുകയാണ്. ഒരു രീതിയിലും പ്രവർത്തനം മുന്നോട്ടുപോകുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ധാരാളം മീറ്റിംഗുകൾ കൂടുന്നുണ്ടെങ്കിലും കാര്യമായ റിസൽട്ട് ഉണ്ടാകുന്നില്ല. കോർപ്പറേഷൻ റോഡ് പി.ഡബ്ല്യു.ഡി.-ക്ക് കൈമാറുന്നതിനായി 13-01-2020-ൽ കോർപ്പറേഷൻ കൗൺസിൽ തീരുമാനമെടുത്തതാണ്. എന്നാൽ പി.ഡബ്ല്യു.ഡി.-ലേയ്ക്ക് ഈ റോഡിന്റെ ആസ്തി കൈമാറി കിട്ടിയിട്ടുമില്ല. അതുകൊണ്ട് കേരള റോഡ് ഫണ്ട് ബോർഡിന് റോഡ് കൈമാറ്റം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

എൽ.എ.-യുമായി ബന്ധപ്പെട്ട് ചില തടസ്സങ്ങളും നിലനിൽക്കുന്നുണ്ട്. പ്രസ്തുത റോഡ് പൂർത്തീകരിക്കുകയെന്നത് ആ പ്രദേശത്തെ ആളുകളുടെ ആവശ്യമാണ്. നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ട റോഡാണ് തമ്മനം-പുല്ലേപ്പടി റോഡ്. കുറെ വർഷങ്ങളായി ജനങ്ങൾ ഈ റോഡിനായി പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. നിലവിലുള്ള അലൈൻമെന്റ് പ്രകാരം ഭൂമി വിട്ടുകൊടുക്കാൻ ജനങ്ങൾ തയ്യാറായിരുന്നു. കിഫ്ബിയുടെ അലൈൻമെന്റ് വന്നപ്പോഴാണ് ലാൻഡ് അക്വിസിഷനിലൂടെയും ഫ്രീ സറണ്ടറായും കിട്ടിയ ഭൂമിയിൽനിന്നും വ്യത്യസ്തമായ അലൈൻമെന്റിലാണ് സർവ്വെ പൂർത്തീകരിച്ചിരിക്കുന്നതെന്ന് മനസ്സിലായത്. ഇതെല്ലാം കൺഫ്യൂഷനായി നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇതിൽ ഇടപെട്ട് പരിഹാരമുണ്ടാക്കിത്തരണം. നീണ്ടുപോകുന്നൊരു സാഹചര്യമുണ്ടാകരുത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇതുമായി ബന്ധപ്പെട്ട് കേസ് നിലനിൽക്കുകയാണ്. ഹൈക്കോടതി സിറ്റിംഗിന്റെ തലേദിസം മീറ്റിംഗ് കൂടി ഒരു തീരുമാനമെടുത്ത് അറിയിക്കുന്നൊരു പ്രവണതയാണ് ഇപ്പോൾ നിലനിൽക്കുന്നത്. അതിനാൽ തമ്മനം-പുല്ലേപ്പടി റോഡിന് ശാശ്വതപരിഹാരമുണ്ടാക്കുന്നതിനുള്ള

ഇടപെടൽ ഉണ്ടാകണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തമ്മനം-പുല്ലേപ്പടി റോഡിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ബഹുമാനപ്പെട്ട ശ്രീ. ടി. ജെ. വിനോദ് എം.എൽ.എ.-യുടെ സബ്മിഷൻ. ഏകദേശം രണ്ടര പതിറ്റാണ്ടിലധികമായി പരിഹരിക്കപ്പെടാതെ കിടക്കുന്ന വളരെ ന്യായമായ പദ്ധതിയാണിത്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്താൻ തീരുമാനിച്ച പദ്ധതിയാണിത്. ഇതിനുവേണ്ട ഭൂമിയേറ്റെടുക്കൽ നടപടികൾ തുടരുകയാണ്. ഭൂമി ഏറ്റെടുക്കുന്നതിന് 93 കോടി 9 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകുകയും ചെയ്തിരുന്നു. പൂണിത്തുറ, ഇളംകുളം, എറണാകുളം, ഇടപ്പള്ളി സൗത്ത് എന്നീ വില്ലേജുകളിലായി 3.69 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനാണ് റവന്യൂ വകുപ്പ് ഉത്തരവിറക്കിയിരിക്കുന്നത്. കിഫ്ബി മാനദണ്ഡപ്രകാരം 22 മീറ്റർ വീതിയിലാണ് റോഡിന്റെ ഡിസൈൻ തയ്യാറാക്കിയിരിക്കുന്നത്. ഒരു വർഷം മുമ്പാണ് പദ്ധതിക്കുള്ള ഡി.പി.ആർ. തയ്യാറാക്കിയത്. ഇതനുസരിച്ച് അതിർത്തി കല്ല് ഇടുന്ന പദ്ധതി ആരംഭിച്ചിരുന്നു.

എം.എൽ.എ. സൂചിപ്പിച്ചതുപോലെ ജനങ്ങൾ തടസ്സവാദങ്ങൾ ഉന്നയിച്ചതിനെത്തുടർന്ന് ഇപ്പോൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. പദ്ധതിക്കായി തയ്യാറാക്കിയ 169 കോടി 89 ലക്ഷം രൂപയുടെ വിശദമായ പദ്ധതി രേഖ കിഫ്ബിയുടെ പരിഗണനയിലാണുള്ളത്. എറണാകുളം നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡുകളിലൊന്നാണ് തമ്മനം-പുല്ലേപ്പടി റോഡ്. അവിടത്തെ ഗതാഗതക്കുരുക്കിന് വലിയ തോതിൽ പരിഹാരം കാണാൻ സാധ്യമാകുന്ന റോഡാണിത്. ഈ റോഡിന്റെ വികസനം സാധ്യമാക്കുകയെന്നത് വളരെ പ്രധാനപ്പെട്ട ലക്ഷ്യമാണ്. ആ ലക്ഷ്യം നിറവേറ്റുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വലിയ തുക അനുവദിച്ചിട്ടുണ്ട്. മുമ്പ് കോർപ്പറേഷൻ ഏറ്റെടുത്ത ഭൂമി ഈ പദ്ധതിയുടെ ഭാഗമായി എങ്ങനെ ഉപയോഗിക്കാൻ സാധിക്കുമെന്ന് പരിശോധിക്കാം. കെ.ആർ.എഫ്.ബി. ഉദ്യോഗസ്ഥരോടും ഡിസൈൻ വിഭാഗത്തോടും ഇക്കാര്യം പ്രത്യേകം നിർദ്ദേശിക്കാം. എന്നാൽ പദ്ധതി തടസ്സപ്പെടുത്തുന്ന സാഹചര്യമുണ്ടാകരുത്. നമുക്കെല്ലാപേർക്കും ചേർന്ന് ഒരു ടീമായി ഈ പ്രശ്നം പരിഹരിക്കണം. പ്രശ്നം പരിഹരിച്ചാൽ അതിന്റെ ഗുണഭോക്താക്കൾ ജനങ്ങളാണ്. വീർപ്പുമുട്ടുന്ന

ഗതാഗത കുരുക്കിന് പരിഹാരം കാണാനും സാധിക്കുന്നതുമാണ്. ആ നിലയിൽ ഈ പദ്ധതി പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങളുമായി ഒരു ടീമായി നമുക്ക് മുന്നോട്ടുപോകാം.

(10) കൽപ്പറ്റ ജനറൽ ആശുപത്രി സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്താൻ നടപടി

ശ്രീ. ടി. സിദ്ദിഖ്: സർ, കേരളത്തിലെ ഏക ആസ്പിറേഷണൽ ഡിസ്ട്രിക്ടാണ് വയനാട് ജില്ല. വയനാടിന്റെ ആസ്ഥാനമായ കൽപ്പറ്റയിലെയും കൽപ്പറ്റ മുനിസിപ്പൽ പ്രദേശത്തെയും സമീപ പ്രദേശത്തെയും ആദിവാസികൾ ഉൾപ്പെടെയുള്ള പതിനായിരക്കണക്കിന് രോഗികൾ ആശ്രയിക്കുന്ന കൽപ്പറ്റ ജനറൽ ആശുപത്രി 2005-ലെ ഉത്തരവിലൂടെ സ്ഥാപിതമായെങ്കിലും ഇന്നേവരെ അവശ്യംവേണ്ട ജീവനക്കാരുടെ വർദ്ധനവ് ഇല്ലാത്തതിന്റെയും നിലവിൽ വേണ്ടതായ ജീവനക്കാരെ നിയമിക്കാത്തതിന്റെയും വലിയ പ്രയാസങ്ങൾ നേരിടുകയാണ്. ഒരു ദിവസം ഏകദേശം ആയിരത്തിയഞ്ഞൂറോളം വരുന്ന ഒ.പി.-യും മാസത്തിൽ ആയിരത്തോളം വരുന്ന ഐ.പി.-യും ഉണ്ടാകാറുണ്ട്. ആദിവാസികളും തോട്ടം തൊഴിലാളികളും ഉൾപ്പെടെ ഏറ്റവും ദുർബലമായ

സാഹചര്യത്തിൽ ജീവിക്കുന്ന സാധാരണക്കാരുടെയും സ്ഥലമാണിത്. ഈ ആശുപത്രിയിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും അതോടൊപ്പം സമ്പൂർണ്ണ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. പഴയ ജനറൽ ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലവും അവിടെ ഇപ്പോൾ ലഭ്യമാണ്. കഴിഞ്ഞ മാസം 29-ാം തീയതി ചേർന്ന ഹോസ്പിറ്റൽ മാനേജ്മെന്റ് യോഗത്തിൽ അവിടെ ഹോസ്പിറ്റലിനുവേണ്ടി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടാനുള്ള തീരുമാനം എടുത്തുകൊണ്ടാണ് യോഗം പിരിഞ്ഞത്. മിനിസ്റ്റീരിയൽ വിഭാഗത്തിൽ മൂന്ന് ജീവനക്കാരാണ് കൽപ്പറ്റ ജനറൽ ഹോസ്പിറ്റലിൽ ആകെയുള്ളത്. കണ്ണൂർ ജി.എച്ച്.-ൽ 24 ജീവനക്കാരുണ്ട്. 24 ജീവനക്കാർ നല്ലതാണ്, അവിടെ നന്നായി നടക്കട്ടെ. ഇവിടെ അവശ്യകാര്യങ്ങൾ നടത്താൻ പോലും മിനിസ്റ്റീരിയൽ ജീവനക്കാർ ഇല്ലാത്ത വിഷയം ഗൗരവമായി ഒരു ഭാഗത്ത് നിലനിൽക്കുന്നു. നഴ്സിംഗ് സൂപ്രണ്ടിംഗ് തസ്തിക ഇന്ന് നിലവിലില്ല. ഹെഡ് നഴ്സ് തസ്തിക നിലവിൽ മൂന്നെണ്ണമാണുള്ളത്. നിലവിൽ അഞ്ച് എണ്ണമെങ്കിലും ഉണ്ടെങ്കിൽ മാത്രമേ

മുന്നോട്ടുപോകുകയുള്ളൂ. സ്റ്റാഫ് നഴ്സുമാരുടെ തസ്തിക 90 എണ്ണം വേണ്ട സ്ഥാനത്ത് നിലവിലുള്ളത് 30 എണ്ണം മാത്രമാണ്. ഇത് നിലവിലുള്ളതായിരിക്കുന്ന 250 ബെഡ് സ്ട്രെങ്ത് മുഴുവനായും പ്രവർത്തന ക്ഷമമാക്കുന്നതിനും ഐ.പി.എച്ച്.എസ്. സ്റ്റാൻഡേർഡ് പ്രകാരം സ്റ്റാഫ് നഴ്സുമാരുടെ എണ്ണത്തിൽ കുറവ് നിലനിൽക്കുകയാണ്. ആയിരത്തിയഞ്ഞൂറോളം രോഗികൾ ഒ.പി.ആയും ഐ.പി.-യായി ഒരുമാസത്തിൽ ആയിരത്തോളം ആളുകളും വരുന്നതായ ഈ പ്രധാനപ്പെട്ട ആശുപത്രിയിൽ ലാബ് ടെക്നീഷ്യൻമാരുടെ ഏഴ് തസ്തികകളാണ് നിലവിലുള്ളത്. അവരെ വച്ച് 24 മണിക്കൂറും പ്രവർത്തിക്കുകയെന്നത് അസാദ്ധ്യമാണ്. ഫാർമസിസ്റ്റിന്റെ തസ്തികയിലുള്ളതായിരിക്കുന്ന കുറവ്, എമർജൻസി ടെക്നീഷ്യൻമാരുടെ അഭാവം, ആംബുലൻസിന് ഡ്രൈവർമാരില്ലാത്ത സാഹചര്യമുൾപ്പെടെ ഗുരുതരമായ സാഹചര്യമാണുള്ളത്. തോമസ് മരിക്കാനിടയായതിന്റെ ഒരു പ്രധാനപ്പെട്ട സാഹചര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഡോക്ടർമാരുടെ തസ്തികയുടെ കാര്യവും സമാനമാണ്. സ്പെഷ്യാലിറ്റികളായ ഓർത്തോ, ത്വക്ക് വിഭാഗം, പി.എം.ആർ., ഫോറൻസിക്, റേഡിയോളജി തുടങ്ങിയ

തസ്തികകളിൽ ജൂനിയർ കൺസൾട്ടന്റ്, കൺസൾട്ടന്റ് എന്നീ കേഡറിലുള്ള തസ്തികകൾ നിലവിൽ ആശുപത്രിയിൽ ഇല്ലാത്തതായ സാഹചര്യമുണ്ട്. അങ്ങനെ തുടങ്ങി നിരവധിയായ പ്രശ്നങ്ങൾ നേരിടുകയാണ്. അതുകൊണ്ട് ഹോസ്പിറ്റൽ അറ്റൻഡന്റ് നിയമനം, സ്പെഷ്യാലിറ്റി വിഭാഗം സ്ഥാപിക്കൽ, പുതിയ സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടം സ്ഥാപിക്കൽ, ജൂനിയർ കൺസൾട്ടന്റ്, കൺസൾട്ടന്റ് എന്നീ കേഡറിലുള്ള തസ്തികകൾ നിയമിക്കാനാവശ്യമായ  നടപടികൾ എന്നിവ സ്വീകരിച്ച് കേരളത്തിലെ ഏക ആസ്പിറേഷണൽ ഡിസ്ട്രിക്ടായിട്ടുള്ള വയനാടിന്റെ ആസ്ഥാനമായ കൽപ്പറ്റയിലെ  ജനറലാശുപത്രി എല്ലാവിധ സംവിധാനത്തോടുംകൂടി ഉയർത്തിക്കൊണ്ടുവരാൻ ആവശ്യമായ ഇടപെടലുണ്ടാകണം. മരുന്നിന്റെ കാര്യം പറഞ്ഞപ്പോൾ  പ്രത്യേകമായി അങ്ങ് ഇടപെട്ടു.  ഇക്കാര്യത്തിലും ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രത്യേകമായ ഇടപെടലുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ,  കേരളത്തിൽ ആരോഗ്യമേഖലയിൽ പ്രത്യേക പരിഗണന ആവശ്യമുള്ള ജില്ലകളിലൊന്നാണ് വയനാട് ജില്ല. പ്രത്യേകിച്ച്

അതിശക്തമായ മഴയുംമറ്റും കാരണം ഗതാഗത തടസ്സം നേരിടുമ്പോൾ മറ്റ് സ്ഥലങ്ങളിൽനിന്നും കട്ട് ഓഫ് ആകുന്ന സ്ഥിതിയും അവിടെയുണ്ട്. അതുകൊണ്ട് നല്ല പ്രാധാന്യത്തോടുകൂടി ആശുപത്രികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇവിടെ നടത്താനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അതിനുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. 'ആർദ്രം' മാനദണ്ഡ പ്രകാരം നിലവിൽ കൽപ്പറ്റ ജനറൽ ആശുപത്രി ജില്ലാതല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സാമൂഹികാരോഗ്യ കേന്ദ്രമായ ഈ ആശുപത്രിയെ 2005-ലാണ് തസ്തികകളുടെ എണ്ണത്തിൽ മാറ്റം വരുത്താതെ ജനറൽ ആശുപത്രിയായി ഉയർത്തിയത്. ആശുപത്രിയിൽ അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം 250 ആണ്. ദിവസേന ഇവിടെ ശരാശരി 1300 ഒ.പി.-യും 70 ഐ.പി.-യുമാണ്. ജനറൽ മെഡിസിൻ, ഗൈനക്കോളജി, പീഡിയാട്രിക്സ്, ജനറൽ സർജറി, ഇ.എൻ.ടി., ഓഫ്ത്താൽമോളജി, അനസ്തേഷ്യ, സൈക്കാട്രി, റെസ്പിറേറ്ററി മെഡിസിൻ, ദന്തൽ, ഫിസിയോതെറാപ്പി എന്നീ സ്പെഷ്യാലിറ്റി സേവനങ്ങൾ ഈ ആശുപത്രിയിൽ ലഭ്യമാക്കുന്നുണ്ട്. 129 സ്ഥിരം ജീവനക്കാരും 83 താത്കാലിക ജീവനക്കാരും ഇവിടെ സേവനം അനുഷ്ഠിക്കുന്നു. സ്ഥിരം

ജീവനക്കാരായ സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട് മുതൽ ദന്തൽ സർജൻ, അസിസ്റ്റന്റ് സർജൻ, സി.എം.ഒ., സ്പെഷ്യാലിറ്റി വിഭാഗങ്ങളായ ജനറൽ മെഡിസിൻ, കൺസൾട്ടന്റ്, ജൂനിയർ കൺസൾട്ടന്റ്, ജനറൽ സർജറിയിൽ ജൂനിയർ കൺസൾട്ടന്റ് -2, ഗൈനക്കോളജിയിൽ കൺസൾട്ടന്റ്, ജൂനിയർ കൺസൾട്ടന്റ്, ശിശുരോഗ വിഭാഗത്തിൽ കൺസൾട്ടന്റ്, ജൂനിയർ കൺസൾട്ടന്റ്, ഇ.എൻ.ടി., ഓഫ്താൽമോളജി, സൈക്കാട്രി തുടങ്ങിയ വിഭാഗങ്ങളിൽ ജൂനിയർ കൺസൾട്ടന്റ് ഓരോന്നുവീതം, അനസ്തേഷ്യ വിഭാഗത്തിൽ രണ്ട്, ജൂനിയർ കൺസൾട്ടന്റുമാർ ഉൾപ്പെടെ 33 ഡോക്ടർമാരുടെ അംഗീകൃത തസ്തികകളുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സൃഷ്ടിക്കപ്പെട്ട വിവിധ വിഭാഗം ഡോക്ടർമാരുടെ 13 തസ്തികകൾ ഇതിൽ ഉൾപ്പെടുന്നു. ഇതുകൂടാതെ 4 മെഡിക്കൽ ഓഫീസർമാരെ ദേശീയ ആരോഗ്യ ദൗത്യം വഴിയും നിയമിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് സ്റ്റാഫ് നഴ്സും, ഫാർമസിസ്റ്റും ക്ലാർക്കും വിഭാഗങ്ങളിലായി 6 തസ്തികകൾകൂടി അധികമായി സൃഷ്ടിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ ഒ.പി., കാഷ്വാലിറ്റി ആൻഡ് ഡയഗനോസിസ് സെന്ററിന്റെ നിർമ്മാണത്തിന് 9.6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ തുടർനടപടികൾ

പുരോഗമിച്ചുവരികയാണ്. നിലവിലെ അത്യാഹിത വിഭാഗം വിപുലീകരിച്ച് ട്രോമാകെയർ വിഭാഗമായി ഒരുക്കുന്നതിനായാണ് ഇത് രൂപകൽപ്പന ചെയ്തിട്ടുള്ളത്. കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ട്രോമാകെയറും അനുബന്ധ യൂണിറ്റും പ്രവർത്തന സജ്ജമാക്കാൻ സാധിക്കുന്നതാണ്. ഇവിടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ഈ ഘട്ടത്തിൽ നടപ്പാക്കുന്നുണ്ട്. 32.7 ലക്ഷം രൂപ ഉപയോഗിച്ച് പീഡിയാട്രിക് ഐ.സി.യു.-വിന്റെ നിർമ്മാണം പൂർത്തിയാക്കി 15 ലക്ഷം രൂപ ഫണ്ടുവിനിയോഗിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. 60,000 രൂപ ചെലവഴിച്ച് എൻ.സി.ടി. ക്ലിനിക്കിനുള്ള നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. 15 കോടി രൂപ ദേശീയ ആരോഗ്യ ദൗത്യം വഴി വിനിയോഗിച്ച് എസ്.ടി.പി. നിർമ്മാണത്തിനുള്ള നടപടികൾ നടക്കുന്നുണ്ട്. 1.23 കോടി രൂപ ചെലവാക്കി ഓക്സിജൻ ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയാക്കി. അതുപോലെ ഇവിടെ പരാമർശിക്കപ്പെട്ട മാനന്തവാടി ആശുപത്രിയിൽ കാത്തലാബ് യുദ്ധകാലാടിസ്ഥാനത്തിൽ അതിന്റെ പൂർത്തീകരണവും ഇൻസ്റ്റലേഷനും കോൺഫിഗറേഷനും പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ നടക്കുകയാണ്. വയനാട്

ജില്ലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കൽപ്പറ്റ ജനറൽ ആശുപത്രിയും സ്പെഷ്യാലിറ്റി വിഭാഗവും...... താലൂക്ക് തലം മുതലാണ് സ്പെഷ്യാലിറ്റി സർവ്വീസ് ആർദ്രത്തിൽ തുടങ്ങുന്നത്. നിശ്ചയമായും അതനുസരിച്ച് ആവശ്യത്തിന് ഡോക്ടർമാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നകാര്യം സർക്കാർ പരിശോധിക്കുന്നതാണ്.